ചെയ്തു് എല്ലാ മാസവും ആദ്യ പ്രവർത്തി ദിവസം തന്നെ മണിയോർഡർ പെൻഷൻ കിട്ടുമെന്നു് ഉറപ്പു വരുത്തി കൊണ്ടുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ടു്.

നാളികേരത്തിനു് താങ്ങുവില

* 149 [152] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിനു് താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഈ വർഷം കേരളാ കോ-ഓപ്പറേറ്റീവു് മാർക്കറ്റിംഗു് ഫെഡറേഷൻ മുഖാന്തിരം എത്രടൺ കൊപ്ര സംഭരിച്ചു ; അതിനു് എന്തു തുക ചെലവായി ;

(ഡി) നാളികേരം നാണ്യവിളയായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഇല്ല എന്നാൽ കേന്ദ്രസർക്കാരിനു് സമർപ്പിച്ച താങ്ങുവില പദ്ധതി അംഗീകരിക്കുകയും സംഭരണവില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) 1200 രൂപ സംഭരണവില.

(സി) ഈ വർഷം 21000 ടൺ കൊപ്ര സംഭരിച്ചു. അതിനു് 27½ കോടി രൂപ ചെലവായി.

(ഡി) ഇല്ല.

(ഇ) എണ്ണക്കുരുവായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതു് കേന്ദ്രഗവൺമെന്റാണു്. ഈ ആവശ്യം മുൻനിറുത്തി സംസ്ഥാന ഗവൺമെന്റു് കേന്ദ്രഗവൺമെന്റിനു്, സമഗ്രമായ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ടു്. ഇപ്പോഴും ഇതു് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണു്.

തെങ്ങുരോഗത്തെപ്പറ്റിയുള്ള ഗവേഷണങ്ങൾ

* 150 [153] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്കു് പ്രതിവിധി കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണ പരീക്ഷണങ്ങൾ കൃഷിവകുപ്പിന്റേയും കാർഷിക സർവ്വകലാശാലയുടെയും കീഴിൽ നടക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്രകാലമായി നടക്കുന്നുവെന്നു വെളിപ്പെടുത്തുമോ ;

(സി) തെങ്ങുരോഗത്തിനു് എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) കൃഷി വകുപ്പിന്റെ കീഴിൽ ഇല്ല, കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly